പതിനാറാം  കേരളനിയമസഭ

ബിൽ നമ്പർ 6

# 2026-ലെ കേരള സ്കൂൾ വിദ്യാർത്ഥികളുടെ ബാഗ് ഭാരം ലഘൂകരണവും വിദ്യാഭ്യാസ ആധുനികവൽക്കരണവും ബിൽ

(കെ. കെ. വത്സരാജ്, എം. എൽ. എ. നോട്ടീസ് നൽകിയത്)

©

കേരളനിയമസഭാ സെക്രട്ടേറിയറ്റ്

2026

കേരളനിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പതിനാറാം കേരളനിയമസഭ

ബിൽ നമ്പർ 6

# 2026-ലെ കേരള സ്കൂൾ വിദ്യാർത്ഥികളുടെ ബാഗ് ഭാരം ലഘൂകരണവും വിദ്യാഭ്യാസ ആധുനികവൽക്കരണവും ബിൽ

(കെ. കെ. വത്സരാജ്, എം. എൽ. എ. നോട്ടീസ് നൽകിയത്)

1244/2026.

പതിനാറാം കേരളനിയമസഭ

ബിൽ നമ്പർ 6

# 2026-ലെ കേരള സ്കൂൾ വിദ്യാർത്ഥികളുടെ ബാഗ് ഭാരം ലഘൂകരണവും വിദ്യാഭ്യാസ ആധുനികവൽക്കരണവും ബിൽ

(കെ. കെ. വത്സരാജ്, എം. എൽ. എ. നോട്ടീസ് നൽകിയത്)

സംസ്ഥാനത്തെ സ്കൂൾ കുട്ടികളുടെ ശാരീരിക-മാനസിക ആരോഗ്യം സംരക്ഷിക്കുന്നതിനായി സ്കൂൾ ബാഗുകളുടെ ഭാരം പരമാവധി കുറയ്ക്കുന്നതിനും, മാസം തിരിച്ചുള്ള പാഠപുസ്തകങ്ങൾ, പേജ് പരിമിതപ്പെടുത്തിയ നോട്ടുപുസ്തകങ്ങൾ, ഡിജിറ്റൽ/ സ്മാർട്ട് സാങ്കേതികവിദ്യകൾ എന്നിവ വിനിയോഗിച്ച് ബോധനരീതി ആധുനികവത്കരിക്കുന്നതിനും അതി അനുബന്ധമായ കാര്യങ്ങൾക്കും വേണ്ടിയുള്ള

ഒരു

ബിൽ

ഇന്ത്യൻ റിപ്പബ്ലിക്കിന്റെ എഴുപത്തേഴാം വർഷത്തിൽ കേരള സംസ്ഥാന നിയമസഭ താഴെ പറയും പ്രകാരം നിയമനിർമ്മാണം നടത്തുന്നു.—

1. സംക്ഷിപ്ത നാമവും പ്രാരംഭവും.—(1) ഈ ആക്റ്റിന് "2026-ലെ കേരള സ്കൂൾ വിദ്യാർത്ഥികളുടെ ബാഗ് ഭാരം ലഘൂകരണവും വിദ്യാഭ്യാസ ആധുനികവൽക്കരണവും ആക്റ്റ്" എന്ന് പേര് വിളിക്കാവുന്നതാണ്.

(2) ഇത് സംസ്ഥാന സർക്കാരിന് ഗസറ്റ് വിജ്ഞാപനം വഴി നിശ്ചയിക്കാവുന്ന തീയതി മുതൽ പ്രാബല്യത്തിൽ വരുന്നതാണ്.

(3) ഇത് സംസ്ഥാനത്തെ എല്ലാ സർക്കാർ, എയ്ഡഡ്, അൺ-എയ്ഡഡ്, സി.ബി.എസ്.ഇ, ഐ.സി.എസ്.ഇ അടക്കമുള്ള പൊതുവിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും ബാധകമായിരിക്കുന്നതാണ്.

2. നിർവ്വചനങ്ങൾ.—ഈ ആക്റ്റിൽ, സന്ദർഭം മറ്റൊന്ന് ആവശ്യപ്പെടാത്തപക്ഷം,—

(എ) "അതോറിറ്റി" എന്നാൽ സർക്കാരിന്റെ പൊതുവിദ്യാഭ്യാസ വകുപ്പ് അല്ലെങ്കിൽ സർക്കാർ ഇതിനായി ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥൻ എന്നർത്ഥമാകുന്നു;

(ബി) "സ്കൂൾ ബാഗ് പോളിസി"* എന്നാൽ കേന്ദ്ര/സംസ്ഥാന സർക്കാരുകൾ കുട്ടികളുടെ ബാഗ് ഭാരം സംബന്ധിച്ച് സമയാസമയങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നർത്ഥമാകുന്നു;

(സി) "സ്മാർട്ട് ലേണിംഗ് ഉപകരണങ്ങൾ" എന്നാൽ ടാബ്‌ലറ്റുകൾ, ഇ-ബുക്കുകൾ, ഡിജിറ്റൽ ലേണിംഗ് ടൂളുകൾ തുടങ്ങിയ സാങ്കേതിക വിദ്യകൾ എന്നർത്ഥമാകുന്നു.

3. ബാഗിന്റെ ഭാരപരിധി ക്ലിപ്തപ്പെടുത്തൽ.—(1)ഒരു കുട്ടിയും തങ്ങളുടെ ശരീരഭാരത്തിന്റെ 10 ശതമാനത്തിൽ കൂടുതൽ ഭാരമുള്ള സ്കൂൾ ബാഗ് ചുമക്കാൻ പാടുള്ളതല്ല.

(2) പ്രീ-പ്രൈമറി കുട്ടികൾക്ക് സ്കൂൾ ബാഗുകൾ പൂർണ്ണമായും ഒഴിവാക്കേണ്ടതാണ്.

(3) 1 മുതൽ 12 വരെയുള്ള ക്ലാസുകളിൽ ഓരോ വിഭാഗത്തിനും വഹിക്കാവുന്ന പരമാവധി ഭാരം അതോറിറ്റി കൃത്യമായി തരംതിരിച്ച് നോട്ടിഫൈ ചെയ്യേണ്ടതാണ്.

4. പാഠപുസ്തകങ്ങളുടെയും നോട്ടുപുസ്തകങ്ങളുടെയും പരിഷ്കരണം.—(1) മാസം/ടേം അടിസ്ഥാനത്തിലുള്ള പാഠപുസ്തകങ്ങൾ,—ഒരു അധ്യയന വർഷത്തേക്ക് മുഴുവനായുള്ള വലിയ പുസ്തകങ്ങൾക്ക് പകരം, എല്ലാ വിഷയങ്ങളും ഉൾപ്പെടുത്തി ഓരോ മാസത്തേക്കോ അല്ലെങ്കിൽ കൃത്യമായ ഇടവേളകളിലേക്കോ ഉള്ള കനംകുറഞ്ഞ (80-100 പേജിൽ കവിയാത്ത) പാഠപുസ്തക ഘടന രൂപകൽപ്പന ചെയ്യേണ്ടതാണ്.

(2) സ്ലിം നോട്ടുപുസ്തകങ്ങൾ,—സ്കൂളുകളിൽ കുട്ടികൾ ഉപയോഗിക്കുന്ന നോട്ടുപുസ്തകങ്ങളുടെ പേജുകളുടെ എണ്ണം പരമാവധി 80 മുതൽ 100 പേജ് വരെയായി നിജപ്പെടുത്തേണ്ടതാണ്. 200 പേജോ അതിൽ കൂടുതലോ ഉള്ള കനമേറിയ ബുക്കുകൾ നിരോധിക്കേണ്ടതാണ്.

5. ക്ലാസ് മുറികളുടെ ഡിജിറ്റൽവൽക്കരണവും ബദൽ മാർഗ്ഗങ്ങളും.—(1) സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിൽ ഘട്ടംഘട്ടമായി ടാബ്‌ലറ്റുകളും ഇ-ടെക്സ്റ്റ് ബുക്കുകളും പരിചയപ്പെടുത്തുകയും, ബാഗുകളുടെ ഭാരം കുറയ്ക്കുന്നതിനുള്ള സ്ഥിരസംവിധാനമായി ഡിജിറ്റൽ ബോധനരീതി ഉപയോഗിക്കുകയും ചെയ്യേണ്ടതാണ്.

2. കുട്ടികൾക്ക് ദിവസവും ഉപയോഗിക്കേണ്ടതില്ലാത്ത പുസ്തകങ്ങളും കായിക-ആർട്ട് ഉപകരണങ്ങളും സൂക്ഷിക്കുന്നതിനായി സ്കൂളുകളിൽ 'ലോക്കർ' അല്ലെങ്കിൽ 'ഡെസ്ക് സ്റ്റോറേജ്' സൗകര്യം ഏർപ്പെടുത്തേണ്ടതാണ്.

6. പരിശോധനയും നിരീക്ഷണവും.—(1) ഓരോ സ്കൂളിലും കുട്ടികളുടെ ബാഗ് ഭാരം സമയബന്ധിതമായി പരിശോധിക്കുന്നതിനായി ഹെഡ്മാസ്റ്റർ/പ്രിൻസിപ്പൽ അധ്യക്ഷനായി ഒരു നിരീക്ഷണ സമിതി രൂപീകരിക്കേണ്ടതാണ്.

2. ഉപജില്ലാ/ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ (AEO/DEO) സ്കൂളുകളിൽ സർപ്രൈസ് പരിശോധനകൾ നടത്തുകയും റിപ്പോർട്ട് അതോറിറ്റിക്ക് സമർപ്പിക്കുകയും ചെയ്യേണ്ടതാണ്.

7. ചട്ടങ്ങൾ ഉണ്ടാക്കാനുള്ള അധികാരം.—(1)ഈ ആക്റ്റിന്റെ ലക്ഷ്യങ്ങൾ നടപ്പിലാക്കുന്നതിനായി സർക്കാരിന് ഗസറ്റ് വിജ്ഞാപനം വഴി ആവശ്യമായ ചട്ടങ്ങൾ നിർമ്മിക്കാവുന്നതാണ്.

## ലക്ഷ്യങ്ങളുടെയും കാരണങ്ങളുടെയും പ്രസ്താവന

ലക്ഷക്കണക്കിന് സ്കൂൾ വിദ്യാർത്ഥികൾ ദിവസേന തങ്ങളുടെ ശരീരഭാരത്തേക്കാൾ കൂടുതൽ ഭാരമുള്ള ബാഗുകൾ ചുമക്കുന്നത് അവരുടെ നട്ടെല്ലിന്റെ ആരോഗ്യത്തെയും ശാരീരിക വളർച്ചയെയും കഠിനമായി ബാധിക്കുന്നുണ്ട്. നടുവേദന, ക്ഷീണം, തോളെല്ല് വേദന തുടങ്ങിയ പ്രശ്നങ്ങൾ കുട്ടികളിൽ വർദ്ധിച്ചുവരുന്നു.

കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയത്തിന്റെ 'സ്കൂൾ ബാഗ് പോളിസി' വ്യവസ്ഥകൾ പൂർണ്ണമായി പാലിക്കപ്പെടാത്ത സാഹചര്യത്തിൽ, നിയമപരമായ പിൻബലത്തോടെ ഒരു ശാശ്വത പരിഹാരം കൊണ്ടുവരേണ്ടത് അത്യാവശ്യമാണ്. മാസം തിരിച്ചുള്ള പാഠപുസ്തകങ്ങൾ, പേജ് കുറഞ്ഞ നോട്ടുപുസ്തകങ്ങൾ, സ്മാർട്ട് ഉപകരണങ്ങൾ എന്നിവ വഴി ബാഗിന്റെ ഭാരം പകുതിയിലധികമായി കുറയ്ക്കാനും, അതുവഴി കേരളത്തിന്റെ വിദ്യാഭ്യാസ രീതിയെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്താനും സാധിക്കും.

മേൽപ്പറഞ്ഞ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനാണ് ഈ ബിൽ ഉദ്ദേശിക്കുന്നത്.

## ധനകാര്യമെമ്മോറാണ്ടം

ഈ ബില്ലിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിന് സർക്കാരിന് തുടക്കത്തിൽ പുസ്തകങ്ങളുടെ അച്ചടി പുനഃക്രമീകരിക്കുന്നതിനും സ്മാർട്ട് ഉപകരണങ്ങൾ നൽകുന്നതിനും ചില സാമ്പത്തിക ബാധ്യതകൾ വരാനിടയുണ്ട്. എന്നാൽ നിലവിലുള്ള വിദ്യാഭ്യാസ ബജറ്റ് വകയിരുത്തലുകളിൽ നിന്നും ഡിജിറ്റൽ ഇൻഫ്രാസ്ട്രക്ചർ ഫണ്ടുകളിൽ നിന്നും ഇത് ക്രമീകരിക്കാവുന്നതാണ്.

## അധികാരപ്പെടുത്തലിനെക്കുറിച്ചുള്ള മെമ്മോറാണ്ടം

ഖണ്ഡം 7, ഈ ആക്റ്റിന്റെ ലക്ഷ്യങ്ങൾ നടപ്പിലാക്കുന്നതിനായി ചട്ടങ്ങൾ ഉണ്ടാക്കുന്നതിന് സർക്കാരിന് അധികാരം നൽകുന്നു. ഇത് സാധാരണ സ്വഭാവമുള്ള ഒന്നാണ്.

## ഉദ്ദേശ്യ കാരണങ്ങളുടെ വിവരണം

1. <u>വിഷയത്തിന്റെ പ്രധാന്യം</u>.—

നമ്മുടെ സംസ്ഥാനത്തെ ലക്ഷക്കണക്കിന് വരുന്ന സ്കൂൾ വിദ്യാർത്ഥികൾ ദിവസേന അഭിമുഖീകരിക്കുന്ന സഗൗരവമായ പ്രശ്നങ്ങളിലൊന്നാണ് അമിതമായ സ്കൂൾ ബാഗ് ഭാരം. കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയത്തിന്റെ 'സ്കൂൾ ബാഗ് പോളിസി (2020)' പ്രകാരം ഒരു കുട്ടിയുടെ ബാഗിന്റെ ഭാരം അവരുടെ ശരീരഭാരത്തിന്റെ 10 ശതമാനത്തിൽ കൂടരുതെന്ന് കൃത്യമായി നിർദ്ദേശിക്കുന്നുണ്ട്. എന്നാൽ നിലവിൽ നമ്മുടെ കുട്ടികൾ തങ്ങളുടെ ശരീരഭാരത്തേക്കാൾ വളരെ ഉയർന്ന തോതിലുള്ള ഭാരവും പേറിയാണ് ദിവസവും സ്കൂളുകളിലേക്ക് പോകുന്നത്.

2. <u>ആരോഗ്യപരവും മാനസികവുമായ പ്രത്യാഘാതങ്ങൾ</u>.—

കനമേറിയ പുസ്തകസഞ്ചികൾ നിരന്തരം ചുമക്കുന്നത് കുട്ടികളിൽ ഗുരുതരമായ ശാരീരിക അസ്വസ്ഥതകൾ ഉണ്ടാക്കുന്നുണ്ട്. ചെറുപ്പത്തിലേ ഉണ്ടാകുന്ന നടുവേദന, തോളെല്ല് വേദന, നട്ടെല്ല് വളയൽ (Scoliosis), ശ്വാസകോശ വികാസത്തെ ബാധിക്കുന്ന തരത്തിലുള്ള ശാരീരിക ബുദ്ധിമുട്ടുകൾ എന്നിവ ഇതിന്റെ ഫലമായി വർദ്ധിച്ചു വരുന്നു. കൂടാതെ, ഭാരമേറിയ ബാഗുകളുമായി കെ.എസ്.ആർ.ടി.സി അടക്കമുള്ള തിരക്കേറിയ പൊതുഗതാഗത സംവിധാനങ്ങളിൽ കയറി ഇറങ്ങുമ്പോൾ കുട്ടികൾ അനുഭവിക്കുന്ന ദുരിതവും ജീവനക്കാരിൽ നിന്നും മറ്റ് യാത്രക്കാരിൽ നിന്നും നേരിടേണ്ടി വരുന്ന പ്രതികൂലമായ അനുഭവങ്ങളും അവരുടെ മാനസികാരോഗ്യത്തെയും പഠനാന്തരീക്ഷത്തെയും മോശമായി ബാധിക്കുന്നുണ്ട്.

3. <u>നിർദ്ദേശിക്കുന്ന വിപ്ലവകരമായ മാറ്റങ്ങൾ</u>.—

ഈ പ്രശ്നത്തിന് ഒരു ശാശ്വത പരിഹാരം കാണുന്നതിനും കേരളത്തിന്റെ പൊതുവിദ്യാഭ്യാസ മേഖലയെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്നതിനുമായി ഈ ബില്ലിലൂടെ പ്രധാനമായും മൂന്ന് ഘടനാപരമായ മാറ്റങ്ങളാണ് മുന്നോട്ട് വയ്ക്കുന്നത്:

മാസം/ടേം തിരിച്ചുള്ള പാഠപുസ്തകങ്ങൾ (Monthly/Term-wise Units): ഒരു വർഷത്തെ മുഴുവൻ പാഠഭാഗങ്ങളും വലിയ ഒറ്റ പുസ്തകമാക്കുന്നതിന് പകരം, എല്ലാ വിഷയങ്ങളും കോർത്തിണക്കി ഓരോ മാസത്തേക്കോ അല്ലെങ്കിൽ കൃത്യമായ ഇടവേളകളിലേക്കോ മാത്രമായി ഉപയോഗിക്കാൻ സാധിക്കുന്ന 80-100 പേജുകൾ മാത്രമുള്ള കനംകുറഞ്ഞ പ്രത്യേക പുസ്തകങ്ങൾ വിതരണം ചെയ്യുക.

പേജ് പരിമിതപ്പെടുത്തിയ നോട്ടുപുസ്തകങ്ങൾ (Slim Notebooks): നിലവിലുള്ള 200 പേജിന്റെ കനമേറിയ നോട്ടുപുസ്തകങ്ങൾക്ക് പകരം, പരമാവധി 80 അല്ലെങ്കിൽ 100 പേജ് മാത്രമുള്ള നോട്ടുപുസ്തകങ്ങൾ കുട്ടികൾക്ക് നിർബന്ധമാക്കുക. ഇത് വഴി ബാഗിന്റെ ഭാരം പകുതിയോളമായി കുറയ്ക്കാൻ സാധിക്കും.

സ്മാർട്ട് ലേണിംഗ് സാങ്കേതികവിദ്യ (Smart Learning Integration): ടാബ്‌ലറ്റുകൾ, ഇ-ടെക്സ്റ്റ് ബുക്കുകൾ, ഡിജിറ്റൽ ബോധനരീതികൾ എന്നിവ ക്ലാസ് മുറികളിൽ വ്യാപകമാക്കിക്കൊണ്ട് പരമ്പരാഗത പുസ്തകച്ചുമടുകൾക്ക് സാങ്കേതികവിദ്യയിലൂടെ ശാശ്വതമായ ബദൽ സൃഷ്ടിക്കുക.

4. <u>നിയമനിർമ്മാണത്തിന്റെ അനിവാര്യത</u>.—

സ്കൂൾ ബാഗ് ഭാരം സംബന്ധിച്ച് പല ഘട്ടങ്ങളിലും സർക്കുലറുകളും നിർദ്ദേശങ്ങളും ഇറങ്ങിയിട്ടുണ്ടെങ്കിലും, അവയൊന്നും പൂർണ്ണമായി പ്രാവർത്തികമാക്കപ്പെട്ടിട്ടില്ല. ആയതിനാൽ കുട്ടികളുടെ ശാരീരിക-മാനസിക സുസ്ഥിതി ഉറപ്പുവരുത്തുന്നതിനും നമ്മുടെ വിദ്യാഭ്യാസ രീതിയെ കാലോചിതമായി ആധുനികവത്കരിക്കുന്നതിനും നിയമപരമായ പിൻബലമുള്ള ഒരു നിയമനിർമ്മാണം അത്യന്താപേക്ഷിതമാണ്.

മേൽപ്പറഞ്ഞ പ്രയോജനകരവും വിപ്ലവകരവുമായ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനാണ് ഈ ബിൽ ഉദ്ദേശിക്കുന്നത്.

കെ. കെ. വത്സരാജ്, എം. എൽ. എ.